**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1392** **31-10-2019 ൽ മറുപടിക്ക്**

## അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അഞ്ചുചങ്ങല പ്രദേശത്തെ ജനങ്ങൾക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഇവർക്ക് എന്നേക്ക് പട്ടയം ലഭ്യമാക്കാനാകും എന്നും അറിയിക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ നെയ്യാർ ഡാം ഉൾപ്പെട്ടുവരുന്ന അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കണമെന്ന അപേക്ഷയിന്മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈവശഭൂമി 15 സെന്റായി നിജപ്പെടുത്തി സ്കെച്ച് ഉൾപ്പെടെയുള്ള റിക്കാർഡുകൾ തയ്യാറാക്കി പതിച്ചു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) അഞ്ചുചങ്ങല പ്രദേശത്ത് പട്ടയം ലഭ്യമാക്കി നൽകുമ്പോൾ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിലേക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുമ്പോൾ നെയ്യാർ ഡാം സംരക്ഷിത മേഖലയിൽ MFL+1+10M എന്ന നിലയിൽ സർവ്വെ ചെയ്താൽ മാത്രമേ എത്ര പേരെ പുനരധിവസിപ്പിക്കേണ്ടി വരും എന്ന കാര്യത്തിൽ വ്യക്തത വരുത്തുവാൻ സാദ്ധ്യമാകൂ. അത്തരത്തിലുള്ള സർവ്വെ നടപടികൾ ചെയ്യുന്നതിന് ജനങ്ങളുടെ ഭാഗത്ത് നിന്നും എതിർപ്പുകൾ നിലനിൽക്കുന്നതിനാൽ ആയതിന് ഇനിയും കഴിഞ്ഞിട്ടില്ലാത്തതാകുന്നു. നിലവിലെ കൈവശക്കാരെ ഒഴിപ്പിക്കുമ്പോൾ അവരെ പുനരധിവസിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി നൽകാൻ കഴിയുമെന്ന് വകുപ്പുതല ചർച്ചയിൽ അവർ അറിയിച്ചിട്ടുണ്ട്. |
| (സി) പട്ടയം വിതരണം ചെയ്യുന്നതിലെ തടസ്സങ്ങൾ പരിഹരിച്ച് അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോ? | (സി) പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**